**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2753

21 /06/2012 - ൽ മറുപടിക്ക്

**1രൂപ, 2 രൂപ നിരക്കിലുള്ള അരി വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം.ആരിഫ്. | | ശ്രീ. അനൂപ് ജേക്കബ്. **(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** | |
| എ) | 2011 ഏപ്രിൽ 1 മുതൽ നാളിതുവരെ എത്ര കാർഡുടമകൾക്കാണ് പ്രതിമാസം 25 കിലോ അരി ഒരു രൂപാ നിരക്കിൽ നൽകിയത്, | (എ) | 2011 സെപ്തംബർ 1 മുതൽ ആരംഭിച്ച അരി വിതരണ പദ്ധതി പ്രകാരം 14.61 ലക്ഷം ബി.പി.എൽ. കാർഡുടമകൾക്കാണ് പ്രതിമാസം 25 കിലോ അരി 1 രൂപ നിരക്കിൽ നൽകിയത്. |
| ബി) | ഏതെങ്കിലും മാസത്തിൽ പ്രസ്തുത അരിയുടെ വിതരണം പൂർണ്ണമായി നൽകുവാൻ കഴിയാതെ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മാസങ്ങളിലാണ് നൽകാൻ കഴിയാതിരുന്നത്; | (ബി) | ഇല്ല. |
| സി) | 2011 മാർച്ച് മുതൽ എത്ര കാർഡുടമകൾക്കാണ് 2 രൂപ നിരക്കിൽ അരി നൽകിയത്; | (സി) | 2011 മാർച്ച് തുടക്കത്തിൽ 8.21 ലക്ഷം എ.പി.എൽ. കാർഡുടമകൾക്കും 14.61 ലക്ഷം ബി.പി.എൽ. കാർഡുടമകൾക്കും 5.94 ലക്ഷം എ.എ.വൈ. കാർഡുടമകൾക്കും കിലോ ഗ്രാമിന് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തിരുന്നു. നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 42.47 ലക്ഷം കുടുംബങ്ങൾക്കാണ് 2 രൂപ നിരക്കിൽ അരി അനുവദിച്ച് വരുന്നത്. |

(മറുപുറം....)

| | | | |
|---|---|---|---|
| ഡി) | ഇപ്പോൾ രണ്ട് രൂപ നിരക്കിൽ അരി നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് എത്ര കിലോ അരി വീതമാണ് നൽകുന്നത് എന്നറിയിക്കാമോ; സപ്ലൈകോ-മാവേലി സ്റ്റോർ, ലാഭം സ്റ്റോർ തുടങ്ങിയ ന്യായവില ഷോപ്പുകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില ഈ സർക്കാർ അധികാരമേറ്റ ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ; എത്ര ശതമാനം വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്.<br><br>എ.പി.എൽ. വിഭാഗത്തിൽപെട്ട താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്ന കാർഡുടമകൾക്ക് കാർഡുടമയുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ കിലോഗ്രാമിന് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു.<br>1. രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ള കുടുംബങ്ങൾ.<br>2. പ്രതിമാസം 25000 രൂപയിൽ കുറഞ്ഞ കുടുംബ വരുമാനമുള്ളവർ.<br>3. 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ.<br>പ്രതിമാസം 9 കിലോഗ്രാം അരിയാണ് ഈ വിഭാഗത്തിന് അനുവദിച്ച് വരുന്നത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ വിൽപ്പനശാലകളിൽ കൂടി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ